Malappuram District Police

## 28/06/2018 പെരിന്തൽമണ്ണ

അർധരാത്രിയില് കാറില് യാത്ര ചെയ്യുകയായിരുന്ന യുവാവിനെ മാരകായുധങ്ങളുമായി വാഹനങ്ങളിൽ പിന്തുടർന്ന് പെരിന്തൽമണ്ണ ബൈപ്പാസില് കാറിൽ നിന്നും പിടിച്ചിറക്കി മർദിച്ചവശനാക്കുകയും പണവും മൊബൈലും കവർച്ച ചെയ്ത സംഘത്തെ പെരിന്തൽമണ്ണയില് പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തു.

അങ്ങാടിപ്പുറം തിരൂർക്കാട് സ്വദേശി ഓട്ടുപറമ്പൻ ഒ പി അജ്മൽ(28), പെരിന്തൽമണ്ണ തേക്കിൻകോട് സ്വദേശി പള്ളിപറമ്പിൽ മുഹമ്മദ് യൂസുഫ് (21), അങ്ങാടിപ്പുറം തിരൂർക്കാട് മദ്റസപടി ശിവേഷ് എന്ന കണ്ണൻ (28), അരിപ്ര മണ്ണാറമ്പ് തടിയക്കോടൻ ഷഹബാസ് എന്ന വീലു (22) എന്നിവരെയാണ് ചൊവ്വാഴ്ച പുലർച്ചെ അറസ്റ്റ് ചെയ്തത്. സംഭവം നടന്ന് മണിക്കൂറുകൾക്കകം സി സി ടി വി ദൃശ്യങ്ങളിലെ വാഹന നമ്പറുകള് പിന്തുടർന്ന് നടത്തിയ അന്വേഷണത്തില് പ്രതികള് പോലീസ് സംഘത്തിന്റെ വലയിലായത്. ഈ സംഘത്തിലെ മുഖ്യപ്രതിയായ അജ്മൽ നിരവധി മോഷണ കേസിലെ പ്രതിയാണ്.

ഈ കേസിൽ ഡിവൈഎസ്പി മോഹനചന്ദ്രന്റെ നേതൃത്വത്തിൽ ടൗണ് കേന്ദ്രീകരിച്ച് സ്ഥാപനങ്ങളിലും മറ്റുമുള്ള സിസിടിവി ദൃശ്യങ്ങള് പരിശോധിച്ചതില് പ്രതികൾ കൃത്യത്തിനായി ഉപയോഗിച്ച വാഹനങ്ങളെക്കുറിച്ച് നടത്തിയ അന്വേഷണത്തിലാണ് തുമ്പുണ്ടായത്. ഈ ദൃശ്യത്തിൽ നിന്നാണ് മുമ്പ് നിരവധി കേസുകളിലും കവർച്ച കേസുകളിലുൾപ്പെട്ട ഒരു സംഘമാണ് ഇതിന് പിന്നിലെന്ന് പോലീസിന്

മനസ്സിലായത്. തുടർന്ന് മണിക്കൂറിനുള്ളില് തന്നെ ഇവരെ പിടികൂടുകയായിരുന്നു. സംഘം കൃത്യത്തിനായി ഉപയോഗിച്ചിരുന്ന ബൈക്കുകളും മറ്റു ആയുധങ്ങളും പോലീസ് കണ്ടെടുത്തു. മുഖ്യ പ്രതി നിരവധി കേസുകളിലകപ്പെട്ട് ജാമ്യത്തിലിറങ്ങിയതിന് ശേഷമാണ് കൃത്യത്തിനിറങ്ങിയിട്ടുള്ളത്. ഇൻസ്പെക്ടര് ടി എസ് ബിനു, എൻ ടി കൃഷ്ണ കുമാര്,ദിനേശ്, അനീഷ്, ജയൻ, ബിബിൻ, ജയമണി എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.